നം പി.1/25475/2016/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,
തീയതി : 20.07.2016

# പരിപത്രം

വിഷയം:- ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകുന്നത് – സംബന്ധിച്ച്-

2015-16 സാമ്പത്തിക വർഷത്തിൽ സ്റ്റാർട്ടിംഗ് ഓഫ് ന്യൂ കോഴ്സ്, ഫാക്കൽറ്റി ഡെവലപ്പ്മെന്റ്, ഡെവലപ്പ്മെന്റ് ഓഫ് ലാബ് & ലൈബ്രറി എന്നീ ശീർഷകങ്ങളിൽ നിന്നും അനുവദിച്ച തുക വിനിയോഗിച്ചതുമായി ബന്ധപ്പെട്ട വെവ്വേറെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ആഡിറ്റ് എൻക്വയറിയ്ക്ക് നൽകേണ്ടതിനായി അടിയന്തിരമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ 2013-14 അദ്ധ്യയന വർഷം മുതൽ പ്രവർത്തനം ആരംഭിച്ച കോളേജുകൾ 2013-14, 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ കോളേജിലുണ്ടായിരുന്ന സ്ഥിരം അദ്ധ്യാപകരുടെയും, ഗസ്റ്റ് അദ്ധ്യാപകരുടെയും, അനദ്ധ്യാപക ജീവനക്കാരുടെയും എണ്ണം താഴെ പറയുന്ന പ്രൊഫോർമയിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

| കോളേജിന്റെ പേര് | ആരംഭിച്ച തീയതി | തസ്തികകളുടെ എണ്ണം | | തസ്തിക സൃഷ്ടിച്ച തീയതി |
|---|---|---|---|---|
| | | സ്ഥിരം | ഗസ്റ്റ് | |
| | | | | |

ഫാക്കൽറ്റി വികസനവുമായി ബന്ധപ്പെട്ട് ഹ്യൂമാനിറ്റീസ്, സാമൂഹ്യശാസ്ത്രം, ശാസ്ത്രം തുടങ്ങിയ ശാഖകളിൽ അടുത്തകാലത്തായി കൈവരിച്ച നേട്ടങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്നതിനായി ഹ്രസ്വകാല പരിശീലന പദ്ധതി, പുതുതായി നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് പ്രാരംഭ പരിശീലന പരിപാടി, രാജ്യത്തെ സർവ്വകലാശാലകളിൽ നിന്നും ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രഗത്ഭരായ ഫാക്കൽറ്റികളെ ക്ഷണിച്ച് സെമിനാറുകളും വർക്ക് ഷോപ്പുകളും തുടങ്ങിയ പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ടെങ്കിൽ ടി വിവരവും അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്,
വി.അജയകുമാർ,
സീനിയർ ഫിനാൻസ് ഓഫീസർ,

//അംഗീകാരത്തോടെ//

സൂപ്രണ്ട്.

എസ്.വി. 21.07.2016